(ബി) ഇതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും നൽകിവരുന്ന വായ്പകളിലെ കൃത്യമായ തിരിച്ചടവ് കുറഞ്ഞുവരികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളൽ പദ്ധതി, കാർഷിക കടാശ്വാസ പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെട്ട വായ്പകളിലെ തിരിച്ചടവിൽ കുറവ് വന്നിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളൽ പദ്ധതി, കാർഷിക കടാശ്വാസ പദ്ധതി എന്നിങ്ങനെയുള്ള പദ്ധതികളിൽ ഉൾപ്പെട്ട വായ്പകളിലെ തിരിച്ചടവ് കുറയുന്നതായി വിലയിരുത്തിയിട്ടുണ്ട്.

(സി) പദ്ധതികളിൽ ഉൾപ്പെട്ട വായ്പകൾക്ക് അനുവദിച്ച തുക യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## നെയ്യാറ്റിൻകര സഹകരണ ഗ്രാമ വികസനബാങ്കിന്റെ വായ്പ കുടിശ്ശിക

98 (6549) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് 30-4-2014 വരെ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ എത്ര രൂപ കുടിശ്ശികയായിട്ടുണ്ട് ;

(ബി) ഓരോ കാലയളവിലേയും കുടിശ്ശിക കാർഷിക കാർഷികേതര വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ ;

(സി) 31-3-2014-ന് നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് തലത്തിൽ നിലവിലെ വായ്പ കാർഷിക-കാർഷികേതര വിഭാഗങ്ങൾ തിരിച്ച് ശതമാനക്കണക്കിൽ വ്യക്തമാക്കാമോ ;

(ഡി) നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ പ്രതിനിധിക്ക് സംസ്ഥാന കാർഷിക വികസന ബാങ്ക് ഭരണസമിതിയിൽ തുടരാൻ അർഹതയുണ്ടോ ; ഇല്ലെങ്കിൽ നീക്കം ചെയ്യാൻ എന്ത് നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 30-4-2014 വരെ നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ 1,302.64 ലക്ഷംരൂപ കുടിശ്ശികയുണ്ട്.

(ബി) 30-6-2013-ൽ കാർഷിക വിഭാഗത്തിൽ 1,054.08 ലക്ഷംരൂപയും കാർഷികേതര വിഭാഗത്തിൽ 488.43 ലക്ഷംരൂപയും കുടിശ്ശികയുണ്ട്. 30-4-2014-ൽ കാർഷിക വിഭാഗത്തിൽ 647.94 ലക്ഷം രൂപയും കാർഷികേതര വിഭാഗത്തിൽ 654.70 ലക്ഷം രൂപയുമാണ് കുടിശ്ശികയുള്ളത്. 31-3-2014-ൽ കാർഷിക വിഭാഗത്തിൽ 456.17 ലക്ഷംരൂപയും കാർഷികേതര വിഭാഗത്തിൽ 548.20 ലക്ഷം രൂപയും കുടിശ്ശികയുണ്ട്.

(സി) 31-3-2014-ന് നെയ്യാറ്റിൻകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് സംസ്ഥാന കാർഷിക വികസന ബാങ്ക് തലത്തിൽ 7,893.40 ലക്ഷം രൂപ വായ്പ നീക്കിയിരുപ്പുണ്ട്. അതിൽ 38.58% കാർഷിക വിഭാഗത്തിലും 61.42% കാർഷികേതര വായ്പ വിഭാഗത്തിലും ഉൾപ്പെടുന്നു.

(ഡി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവിധ കടാശ്വാസ പദ്ധതിപ്രകാരം വായ്പക്കാർ യഥാസമയം തിരിച്ചടയ്ക്കാത്തതിനാൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലേക്ക് അടയ്ക്കാനുള്ള തുക അടയ്ക്കാൻ കഴിയാത്തതിനാൽ 25-10-2013-ലെ ജി.ഒ.(പി.)നമ്പർ 134/20132/സഹ നമ്പർ ഉത്തരവുപ്രകാരം ബാങ്കിന് 31-3-2013 മുതൽ ഒരുവർഷത്തേയ്ക്ക് ചട്ടം 46(ഇ)-യിൽനിന്നും ഇളവ് നൽകുകയുണ്ടായി. തുടർന്ന് 21-11-2013-ലെ ജി.ഒ.(പി.)നമ്പർ 144/2013/സഹ നമ്പർ ഉത്തരവുപ്രകാരം എല്ലാ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെയും ചട്ടം 46(ഇ)-യിൽനിന്ന് 1-10-2013 മുതൽ ഒരുവർഷത്തേയ്ക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിനിധിക്ക് ഭരണസമിതിയിൽ തുടരാൻ അർഹതയുണ്ട്.

## ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ

99 (6550) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ എത്ര എണ്ണം ആരംഭിച്ചു ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു ; വ്യക്തമാക്കാമോ ;

(ബി) ഇവ എവിടെയെല്ലാം പ്രവർത്തിക്കുന്നു ; ഒഴുകുന്ന ത്രിവേണി സ്റ്റോർ ആരംഭിക്കുന്നതിന് ശരാശരി എത്ര രൂപ ചെലവായി ; ഇവയിൽ നിന്നുള്ള ശരാശരി വിറ്റുവരവ് എത്രയാണെന്നും വിശദമാക്കുമോ ;